


# കോഴപ്പണം, കിമ്പളം, കുതിരക്കച്ചവടം.... വിശ്വാസവോട്ടിന് എന്തൊരു തിളക്കം!

**എൻ.ഡി.എ അധികാരത്തിലേറിയാൽ അദ്വാനി അമേരിക്കയെ എതിർത്തുകൊണ്ട് മുന്നോട്ടു പോവുമെന്നാണോ കരുതേണ്ടത്? ഇറാനിലും സിറിയയിലും ഇനി മറ്റെവിടെയൊക്കെ അമേരിക്ക 'ഭീകരത' കണ്ടെത്താനിടയുണ്ടോ അവിടെയൊക്കെയും ഇന്ത്യൻ സൈന്യത്തെ അയച്ചു കൊടുക്കലായിരിക്കും അദ്ദേഹത്തിന്റെ ദൗത്യം. മൻമോഹൻ സിംഗ് ഒപ്പുവെച്ച കരാറിൽ ഇതായിരുന്നു ഉണ്ടായിരുന്നതെന്ന് കുറ്റം പറയുകയും ചെയ്യും.**

കവർസ്റ്റോറി ● എ. റശീദുദ്ദീൻ

**കാത്തിരുന്ന** വോട്ടെടുപ്പിൽ മൻമോഹൻ സിംഗ് ജയിച്ചു. കണക്കുകൾ പറയുന്നത് അദ്ദേഹത്തിന് 19 വോട്ടിന്റെ ഭൂരിപക്ഷം ലഭിച്ചുവെന്നാണ്. അത് എങ്ങനെ കിട്ടിയെന്ന തർക്കവും എന്തിന് കിട്ടി എന്നതും ചർച്ചയിലില്ല. സ്വന്തം പാർട്ടിയുടെ മുഴുവൻ അംഗങ്ങളും സഖ്യകക്ഷികളും ചേർന്നാലും യു.പി.എയുടെ വോട്ടുകൾ 271ൽ ഒതുങ്ങേണ്ടതായിരുന്നു. 268 മുതൽ 277 വരെ വോട്ട് ലഭിക്കേണ്ടിയിരുന്ന പ്രതിപക്ഷം 256ൽ ഒതുങ്ങി. യഥാർഥ കണക്കുകളനുസരിച്ച് കോൺഗ്രസ് മുന്നണിയേക്കാൾ 16 വോട്ടുകൾ പ്രതിപക്ഷത്തിന് അധികമുണ്ടായിരുന്നു. എൻ.ഡി.എയിലെ 14 വോട്ടുകൾ മറുകണ്ടം ചാടുകയോ വിട്ടുനിൽക്കുകയോ ചെയ്തതോടെ വിശ്വാസ പ്രമേയം ജയിച്ചു. വിട്ടുനിൽക്കാൻ പലർക്കും കൈക്കൂലി കൊടുക്കുന്നുവെന്ന് സഭയിൽ കോടിരൂപയുടെ നോട്ടുകെട്ടുകളുമായി എത്തിയ ചില അംഗങ്ങൾ വിളിച്ചു പറഞ്ഞത് ഇന്ത്യൻ ജനാധിപത്യത്തിന്റെ 'ലൈവ് ഷോ' അതിഗംഭീരമായി അവസാനിക്കാൻ സഹായിച്ചു. വെറും കച്ചവടം. കാശുള്ളവൻ ലേലം പിടിച്ചു.

പക്ഷേ ജനങ്ങൾ ഒന്നും അറിയുന്നില്ലെന്ന് ഈ കച്ചവടക്കാർ തെറ്റിദ്ധരിക്കരുത്. അമേരിക്കൻ സാമ്രാജ്യത്വം നിത്യജീവിതത്തിൽ സമ്മാനിക്കുന്ന ദുരന്തങ്ങൾ തിരിച്ചറിയാൻ കഴിയുന്നവരുടെ എണ്ണം കൂടി വരുന്ന കാഴ്ചയാണ് ഇന്ന് ലോകത്തെമ്പാടുമുള്ളത്. ലോക്സഭയിൽ നടന്ന വിശ്വാസ പ്രമേയത്തെ ശ്വാസമടക്കിപ്പിടിച്ച് ഇന്ത്യ കാത്തുനിന്നതിന്റെ കാരണവും മറ്റൊന്നല്ല. അതേസമയം രണ്ട് കാര്യങ്ങളിലാണ് നമുക്ക് തെറ്റുപറ്റിയത്. ഒന്ന്, അമേരിക്കയുമായി ആണവ കരാർ നടപ്പാക്കുന്നതിനെ ചൊല്ലി പാർലമെന്റിന്റെ ഹിതമറിയാനുള്ള വോട്ടെടുപ്പായിരുന്നില്ല അത്. കരാറിനെ ചൊല്ലി ഇന്ത്യൻ പാർലമെന്റിൽ ഒരു വോട്ടെടുപ്പും നടന്നിട്ടില്ല എന്നതായിരുന്നു വസ്തുത. ഭാവിയിൽ അത്തരമൊരു വോട്ടെടുപ്പ് ഇനി നടക്കാനും പോകുന്നില്ല. ഈ ഇടപാട് വേണമോ വേണ്ടയോ എന്ന വോട്ടെടുപ്പു നടത്തിയാൽ അറിയാം, നിലവിൽ സർക്കാറിനെ എതിർക്കുന്ന പലരുടെയും കാപട്യം. രണ്ടാമതായി, വോട്ടെടുപ്പിൽ യു.പി.എ

തോറ്റെന്നു വെക്കുക. എങ്കിൽ പോലും ഈ കരാറിന് ഒരു മാറ്റവും ഉണ്ടാവുമായിരുന്നില്ല. വിശ്വാസ പ്രമേയത്തിൽ പരാജയപ്പെട്ട് രാജിവെക്കുന്നതിനു മുമ്പെ ഒരു ന്യൂനപക്ഷ സർക്കാർ എന്ന നിലയിൽ പോലും മൻമോഹൻ സിംഗിന് നടപ്പിൽ വരുത്താനാവുന്ന കരാറായിരുന്നു ഇത്. ഐ.എ.ഇ.എ പ്രതിനിധികളും അമേരിക്കൻ കോൺഗ്രസും ഇക്കാര്യം വളരെ വ്യക്തമായി വിശദീകരിച്ചിട്ടുമുണ്ട്. സഭയിൽ വിശ്വാസവോട്ട് തേടുന്നതിനും മുമ്പെ തന്നെ പ്രധാനമന്ത്രി ആണവോർജ സമിതിയിലേക്ക് ഇന്ത്യയുടെ സമ്മതം അറിയിച്ചു കഴിഞ്ഞിരുന്നു. ഇനി മൻമോഹൻ അവസാനത്തെ പേപ്പറിൽ ഒപ്പുവെച്ചില്ല എന്നുവെക്കുക. നിലവിൽ വിശ്വാസ പ്രമേയത്തെ എതിർത്ത ബി.ജെ.പി യടക്കം അടുത്ത സർക്കാർ ആരുടേതായാലും ഈ കരാർ ഒപ്പുവെക്കുകയല്ലാതെ നിവൃത്തിയുണ്ടാവില്ല. മൻമോഹൻ തോറ്റു കൊണ്ട് മാത്രം കരാർ ഇല്ലാതാവുന്നില്ല എന്നർഥം. ആണവകരാർ എന്ന കച്ചവടത്തെ തങ്ങളുടെ ജീവിതപ്രശ്നങ്ങളുമായി കൂട്ടിവായിച്ചതായിരുന്നു ഇന്ത്യക്കാരന് സംഭവിച്ച ഏറ്റവും വലിയ തെറ്റ്.

ബി.ജെ.പിയുടെ ഭരണകാലത്താണ് ഈ കരാറെങ്കിൽ നേർക്കുനേരെ വർഗീയതയെന്ന് പോലും ആരോപിക്കപ്പെടാനിടയുള്ള ചില നയങ്ങളാണ് ഈ കരാറിന്റെ കാണാച്ചരട്. കോൺഗ്രസ് ഭരണകൂടം അവയുടെ ഒത്താശ ഏറ്റെടുക്കുമ്പോൾ അദ്വാനി ആഹ്ലാദിക്കുകയല്ലാതെ മറ്റെന്തു ചെയ്യും? വിദേശകാര്യ മേഖലയിലെ അമേരിക്കൻ വിധേയത്വത്തിന്റെ കാര്യമെടുക്കുക. ഇതാണല്ലോ ഈ കരാറിന്റെ മുഖ്യദുരന്തഫലമായി ചിത്രീകരിക്കപ്പെടുന്നത്. നാളെയൊരുപക്ഷേ എൻ.ഡി.എ അധികാരത്തിലേറിയാൽ ഇതേ അദ്വാനി അമേരിക്കയെ എതിർത്തുകൊണ്ട് മുന്നോട്ടു പോവുമെന്നാണോ കരുതേണ്ടത്? ഇറാനിലും സിറിയയിലും ഇനി മറ്റെവിടെയൊക്കെ അമേരിക്ക 'ഭീകരത' കണ്ടെത്താനിടയുണ്ടോ അവിടെയൊക്കെയും ഇന്ത്യൻ സൈന്യത്തെ അയച്ചു കൊടുക്കലായിരിക്കും അദ്ദേഹത്തിന്റെ ദൗത്യം. മൻമോഹൻ സിംഗ് ഒപ്പുവെച്ച കരാറിൽ ഇതായിരുന്നു ഉണ്ടായിരുന്നതെന്ന് കുറ്റം പറയുകയും ചെയ്യും.

## ഇടതുപക്ഷത്തിന്റെ വീഴ്ചകൾ

നമുക്കു തെളിയിക്കാനും മൻമോഹൻ സിംഗിന് പുറത്തുവിടാനും കഴിയാത്ത ചില ആരോപണങ്ങൾ ഇടതുകക്ഷികളെ കുറിച്ചുമുണ്ട്. 2005 ജൂലൈ മുതൽ ആരംഭിച്ച ഈ കരാറിനെ കുറിച്ച ചർച്ചകൾ അവർ എന്തുകൊണ്ട് ഇത്രയും കാലം മുന്നോട്ടു പോകാൻ അനുവദിച്ചു എന്നതാണ് ഇതിൽ പ്രധാനപ്പെട്ട സംശയം. കഴിഞ്ഞ നവംബർ മാസത്തോടെ സർക്കാർ തന്നിഷ്ടപ്രകാരമാണ് മുന്നോട്ടു പോകുന്നതെന്ന കാര്യം പകൽ പോലെ വ്യക്തമായിരുന്നു. അപ്പോൾ എന്തായിരുന്നു സി.പി.എം ചെയ്തുകൊണ്ടിരുന്നത്? ആണവ ഇടപാട് എന്ന 'സിവിലിയൻ കരാറിൽ' നിന്നും രാഷ്ട്രീയമായി വിലപേശൽ നടത്തുകയാണ് ഇത്രയും കാലം ഇടത് സംഘടനകൾ ചെയ്തതെന്നാണ് ആരോപണമുയരുന്നത്. പൊതുമിനിമം പരിപാടിയിൽ ഇല്ലായിരുന്ന ഈ വിഷയം കുതന്ത്രത്തിലൂടെ നടപ്പിൽ വരുത്തിയതിനെ ലോക്സഭയിൽ രൂക്ഷമായി വിമർശിച്ച സി.പി.എം അംഗം മുഹമ്മദ് സലിം യു.പി.എയിൽ അമേരിക്കയും ഒരു സഖ്യകക്ഷിയാണ് എന്ന വിവരം ഇത്രയും കാലത്തിനിടയിൽ തങ്ങൾക്ക് അറിയില്ലായിരുന്നുവെന്ന് മൻമോഹൻ സിംഗിനെ പരിഹസിക്കുകയും ചെയ്തു. പക്ഷേ പൊടുന്നനെ ആയിരുന്നില്ലല്ലോ അമേരിക്ക ഇതിൽ ഘടകകക്ഷിയായത്. കരാറിന്റെ ഒന്നാമത്തെ നാളു തൊട്ടേ ഇതറിയാത്തവർ ഇന്ത്യയിലുണ്ടായിരുന്നില്ല. സി.പി.എമ്മിന്റെ എതിർപ്പ് നേർക്കുനേരെ അമേരിക്കയുമായി ബന്ധപ്പെട്ടതല്ലെന്ന് സംശയിക്കേണ്ടി വരുന്നത് ഇവിടെയാണ്.

രണ്ട് സാധ്യതകളാണ് ആരോപിക്കപ്പെടുന്നത്. നന്ദിഗ്രാം, സിംഗൂർ പോലുള്ള വിഷയങ്ങളിൽ സ്വീകരിച്ച നയങ്ങൾ ബംഗാളിലും അച്യുതാനന്ദൻ സർക്കാറിന്റെ നീക്കങ്ങൾ കേരളത്തിലും നഷ്ടപ്പെടുത്തിയ ജനപിന്തുണ തിരിച്ചു പിടിക്കാൻ പാർട്ടി ഇതൊരു നല്ല വിഷയമായി കണക്കുകൂട്ടി എന്നതാണത്. കേരളത്തിലെയും ബംഗാളിലെയും ജനങ്ങളുടെ അമേരിക്കൻ വിരുദ്ധത മുതലെടുക്കാനാവുമെന്നായിരുന്നു പാർട്ടി മനസ്സിൽ കണ്ടത്. രണ്ടാമത്തെ സാധ്യത അവരുടെ തന്നെ ഒരു വീഴ്ചയിൽനിന്നാണ് ഉരുത്തിരിയുന്നത്. ആണവ കരാറിന്റെ യഥാർഥ മുഖം തിരിച്ചറിയാൻ സി.പി.എം സമയമെടുത്തു എന്നതാണ് യാഥാർഥ്യം. അടുത്ത 15 വർഷത്തിനകം ചൈനയുമായി അമേരിക്ക യുദ്ധത്തിൽ ഏർപ്പെടുമെന്ന് ചില പെന്റഗൺ വൃത്തങ്ങളെ ഉദ്ധരിച്ച് *വാഷിംഗ്ടൺ പോസ്റ്റ്* ദിനപത്രം ഈയിടെ റിപ്പോർട്ടു ചെയ്തിരുന്നു. മിസോറാമിലെ 'വൈറെംഗ്തെ'യിൽ ഇന്ത്യയും അമേരിക്കയും ആരംഭിച്ച സൈനിക സ്കൂൾ ഈ യുദ്ധത്തിലേക്കുള്ള മുന്നൊരുക്കങ്ങളും തന്ത്രങ്ങളും ആവിഷ്കരിക്കാനാണെന്നും വ്യാഖ്യാനമുണ്ട്. ആണവ കരാറിലൂടെ അപ്പോഴേക്കും ഇന്ത്യയെ തങ്ങളുടെ സഖ്യകക്ഷിയാക്കി മാറ്റിയെടുക്കാനാവുമെന്നും ബംഗാളിലും കേരളത്തിലും സി.പി.എം ദുർബലമാവുമെന്നും സി.ഐ.എയുടെ കണക്കുകൂട്ടലുകളിൽ ഉണ്ടത്രെ. കേൾക്കുമ്പോൾ ശുദ്ധ അസംബന്ധമാണെന്ന് തോന്നുമെങ്കിൽ കൂടി ചൈനയെ തകർക്കാനാണ് അമേരിക്ക ഇന്ത്യയെ ഒപ്പം നിർത്തുന്നതെന്ന് കരുതാനുള്ള തെളിവുകൾ വേറെയും പലതുമുണ്ട്. ആണവായുധങ്ങൾ വഹിക്കാനാവുന്ന ദീർഘദൂര ബാലിസ്റ്റിക് മിസൈലുകൾ ഇന്ത്യ ഈയിടെയായി കൂടുതലായി പരീക്ഷിക്കുന്നതിന്റെ രഹസ്യം ഇതാണെന്ന് ബ്രഹ്മചെല്ലാനിയെ പോലുള്ള സൈനിക വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത് ശ്രദ്ധിക്കുക.

> ഇന്ത്യൻ പാർലമെന്റിന്റെ ചരിത്രത്തിലെ ഏറ്റവും മോശപ്പെട്ട പ്രതിഛായയോടെയാണ് ഡോ. മൻമോഹൻ സിംഗ് വിശ്വാസവോട്ടെടുപ്പിൽ ജയിച്ചുകയറിയത്. കോഴയും കാലുവാരലും കുതിരക്കച്ചവടവും ഇത്രകണ്ട് മറ്റൊരു പ്രധാനമന്ത്രിയെയും പരസ്യമായി ജയിപ്പിച്ച ചിത്രം ഇന്ത്യയിലുണ്ടായിട്ടില്ല. ലോക്സഭയുടെ ചരിത്രത്തിൽ ആദ്യമായി മേശപ്പുറത്ത് കോഴപ്പണം വെച്ച സംഭവവും ഇതിനിടയിലുണ്ടായി.

## കോൺഗ്രസ്സിന്റെ നെറികേട്

കോൺഗ്രസ്സിനെ സംബന്ധിച്ചേടത്തോളം ഇത് വെറും കൈക്കൂലിയും കച്ചവടവുമായിരുന്നു എന്നതിന് തെളിവുകൾ അന്വേഷിച്ച് വലയേണ്ടതില്ല. ഈ ഇടപാടിലൂടെ പാർട്ടിക്ക് രാജ്യത്തെ മുഴുവൻ കള്ളപ്പണക്കാരുടെയും വ്യവസായികളുടെയും അന്താരാഷ്ട്ര കുത്തകകളുടെയും പിന്തുണ ഉറപ്പിക്കാനായി.

മുതലാളിത്തത്തിലേക്കുള്ള ഈ അതിവേഗപാതയിൽ കൂടി കുതിച്ചുപാഞ്ഞ മൻമോഹൻ സിംഗ് ഇടിച്ചുതെറിപ്പിച്ച ഇന്ത്യൻ മൂല്യങ്ങൾക്ക് കൈയും കണക്കുമില്ല. പാർലമെന്റിന്റെ സമ്മതം അ

ദ്ദേഹത്തിന് ആവശ്യമുണ്ടായിരുന്നില്ല. എന്നല്ല പാർലമെന്റിനെ അദ്ദേഹം അതിസമർഥമായി ദുരുപയോഗം ചെയ്യുകയാണുണ്ടായത്. വിദേശകാര്യങ്ങളിൽ ഒരു സർക്കാർ ഒപ്പുവെക്കുന്ന കരാറുകൾ പാർലമെന്റിൽ ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്ന ഭരണഘടനാ തത്ത്വമാണ് ഇന്ത്യയിലുള്ളത്. പക്ഷേ സർക്കാർ ജനങ്ങൾക്കു വേണ്ടിയാണ് നിലകൊള്ളുന്നതെങ്കിൽ കരാറിലെ വ്യവസ്ഥകൾ അദ്ദേഹത്തിന് പാർലമെന്റിനെ അറിയിക്കാമായിരുന്നു. ഈ കരാറിൽ ഒപ്പുവെക്കുന്ന അമേരിക്കക്ക് അതാവാം, പക്ഷേ നമുക്കു പാടില്ല എന്നായിരുന്നല്ലോ പ്രധാനമന്ത്രിയുടെ നയം. അമേരിക്കയിലെ പോലെ പൊതുജനങ്ങൾക്ക് മനസ്സിലാക്കാനാവുന്ന വ്യവസ്ഥകളല്ല കരാറിലേതെന്നാണ് പറയപ്പെടുന്നത്. എങ്കിൽ പ്രധാനമന്ത്രി സർവകക്ഷി യോഗം വിളിക്കണമായിരുന്നു. അതും മൻമോഹൻ സിംഗ് ചെയ്തില്ല. എൽ.കെ.അദ്വാനി തന്റെ പ്രസംഗത്തിൽ ഈ വീഴ്ചകൾ എടുത്തു പറയുന്നുണ്ട്. ഒരു ജോയിന്റ് പാർലമെന്ററി കമ്മിറ്റി പോലും മൻമോഹൻ സിംഗ് രൂപീകരിച്ചില്ല എന്നതാണ് ഞെട്ടിക്കുന്ന യാഥാർഥ്യം.

അമേരിക്കയുമായി ഇന്ത്യ ആണവ കരാറിൽ ഏർപ്പെടുന്നതിനെ ചൊല്ലി യു.പി.എ ഘടകകക്ഷികളിലുണ്ടായ ഭിന്നിപ്പാണ് പ്രഥമദൃഷ്ട്യാ ജൂലൈ 21, 22 തീയതികളിൽ പാർലമെന്റിൽ നടന്ന വിശ്വാസ പ്രമേയത്തിന് വഴിയൊരുക്കിയത്. പക്ഷേ കരാറിന്റെ കാര്യത്തിൽ ഇടതു പാർട്ടികൾക്കു നഷ്ടപ്പെട്ട വിശ്വാസമല്ല ബാക്കിയുള്ള രാഷ്ട്രീയ സംഘടനകൾ കൂട്ടം ചേർന്ന് പ്രധാനമന്ത്രിയിൽ അർപ്പിച്ചത്. വിശ്വാസ വോട്ടെടുപ്പിൽ ജയിച്ചുവെന്ന് സാങ്കേതികമായി അവകാശപ്പെടുന്ന യു.പി.എ, പത്തോ പതിനഞ്ചോ എം.പിമാർക്ക് കിട്ടിയ കോഴച്ചാക്കുകളും വരും ദിവസങ്ങളിൽ ഇനി കിട്ടാൻ പോകുന്ന മന്ത്രി സ്ഥാനങ്ങളുമാണ് ഫലത്തിൽ ഒരു രാജ്യത്തിന്റെ 'വിശ്വാസ'മായി തെറ്റിദ്ധരിപ്പിക്കുന്നത്. ഇന്ത്യൻ പാർലമെന്റിന്റെ ചരിത്രത്തിലെ ഏറ്റവും മോശപ്പെട്ട പ്രതിച്ഛായയോടെയാണ് ഡോ. മൻമോഹൻ സിംഗ് വിശ്വാസവോട്ടെടുപ്പിൽ ജയിച്ചുകയറിയത്. കോഴയും കാലുവാരലും കുതിരക്കച്ചവടവും ഇത്രകണ്ട് മറ്റൊരു പ്രധാനമന്ത്രിയെയും പരസ്യമായി ജയിപ്പിച്ച ചിത്രം ഇന്ത്യയിലുണ്ടായിട്ടില്ല. ലോക്സഭയുടെ ചരിത്രത്തിൽ ആദ്യമായി മേശപ്പുറത്ത് കോഴപ്പണം വെച്ച സംഭവവും ഇതിനിടയിലുണ്ടായി. എന്നിട്ടും ഈ ദുരന്തത്തെ കുറിച്ച് ഒന്നു ലജ്ജിക്കാൻ പോലും തയാറാവാതെയല്ലേ നമ്മുടെ പ്രധാനമന്ത്രി വിജയചിഹ്നം ഉയർത്തിപ്പിടിച്ചത്?

ആണവ കരാർ വേണമോ വേണ്ടയോ എന്ന വിഷയത്തിൽ ജനങ്ങൾ തീരുമാനമെടുക്കട്ടെയെന്ന ഒരു വരി പോലും പ്രധാനമന്ത്രിയുടെ വിശ്വാസ പ്രമേയത്തിൽ ഉണ്ടായിരുന്നില്ല. രാജ്യത്തിന്റെ അടിസ്ഥാന മൂല്യങ്ങളെ ചോദ്യം ചെയ്യുന്നതെന്ന് പൊതുവെ വിലയിരുത്തപ്പെടുന്ന കരാറിനെ കുറിച്ച നിർണായക സംശയങ്ങൾക്ക് പാർലമെന്റിൽ വ്യക്തമായ മറുപടി പറയുകയുമല്ല അദ്ദേഹം ചെയ്തത്. മൻമോഹൻ ചെയ്യുന്നു എന്ന ഒറ്റക്കാരണം കൊണ്ട് എല്ലാ പ്രവൃത്തികളും രാജ്യത്തിനു വേണ്ടിയാണെന്ന ഒരുതരം ധാർഷ്ട്യവും പ്രധാനമന്ത്രിയുടെ വാക്കുകളിലുണ്ട്. പ്രധാനമന്ത്രിയുടെ വിശ്വാസ പ്രമേയം വൈകാരികതയും വർഗീയതയും ഒളിപ്പിച്ച ഒരുതരം അഴകൊഴമ്പൻ പ്രസ്താവനയായി മാറുന്നതും കാണാം. അകാലിദൾ അംഗങ്ങളെ മുന്നിൽ കണ്ട് സിഖുകാരന്റെ ചുമതലകളെ കുറിച്ച ഗുരുഗോവിന്ദ് സിംഗിന്റെ ഒരു പദ്യശകലം പോലും അദ്ദേഹം സഭയിൽ ഉദ്ധരിച്ചു. ഭരണത്തിലിരുന്ന നാലു വർഷവും രണ്ടു മാസവും തന്റെ സർക്കാർ ചെയ്ത പ്രവൃത്തികൾ ജനഹിതം മുന്നിൽ കണ്ടുകൊണ്ടായിരുന്നുവെന്നും രാജ്യത്തിന്റെ ചരിത്രവും പാരമ്പര്യവും നന്നായറിയുന്ന പാർട്ടിയാണ് തന്റേതെന്നും അവകാശപ്പെടുന്ന പ്രധാനമന്ത്രി ഈ പ്രവർത്തനങ്ങളെ മൊത്തത്തിൽ വിലയിരുത്താനാണ് അംഗങ്ങളോട് ആവശ്യപ്പെട്ടത്; അല്ലാതെ ആണവകരാറിനെ കുറിച്ച് പറയാനായിരുന്നില്ല.

വിലക്കയറ്റവും പണപ്പെരുപ്പവും മൂലം പൊറുതിമുട്ടുന്ന ജനങ്ങൾക്ക് യുറേനിയം വന്നാൽ പട്ടിണി മാറുമെന്ന ഈ ഉന്മാദം കുറച്ചു ദിവസത്തേക്ക് ധാരാളം മതിയാകും. പക്ഷേ അടുത്ത ഏപ്രിൽ വരെ ജനങ്ങളെ യു.പി.എ സർക്കാർ പിടിച്ചു നിർത്തുമോ? കാർഷിക മേഖലയിലെ പ്രതിസന്ധികളും വിലക്കയറ്റവും ഇല്ലാതാക്കുകയാണ് തന്റെ സർക്കാർ അടിയന്തര പ്രാധാന്യത്തോടെ ലക്ഷ്യമിടുന്നതെന്ന് വിശദീകരിച്ച പ്രധാനമന്ത്രി പക്ഷേ എണ്ണയുടെ വിലക്കയറ്റത്തെയാണ് പഴിചാരുന്നത്. സിവിലിയൻ ആണവ കരാർ എന്ന പേരിൽ അമേരിക്കയുടെ സൈനിക അജണ്ടകൾക്ക് ചൂട്ടുപിടിച്ചു കൊടുത്തതിനു ശേഷം നടത്തുന്ന ഈ പരിദേവനത്തിൽ എന്ത് ആത്മാർഥതയാണുള്ളത്? ഇറാനെതിരെ മേഖലയിൽ അമേരിക്കയും ഇസ്രയേലും നടത്തുന്ന സൈനിക നീക്കങ്ങളാണ് എണ്ണവില വർധിപ്പിച്ചതെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? തന്റെ ദേശസ്നേഹത്തെ ആരും ചോദ്യം ചെയ്യേണ്ടതില്ലെന്ന മട്ടിൽ പ്രസംഗിക്കുകയും അതേസമയം ദേശത്തിന്റെ കാര്യമെത്തുമ്പോൾ താൽപര്യം മറ്റുള്ളവരുടേതാവുകയും ചെയ്യുന്ന ഈ പ്രധാനമന്ത്രി വിശ്വാസവോട്ട് തേടുന്നതിനു മുമ്പെ ചെയ്യേണ്ടിയിരുന്ന ഒരു കാര്യമുണ്ട്. എതിരാളികളെ വെല്ലുവിളിച്ച് അവർ നിശ്ചയിക്കുന്ന ഏതെങ്കിലും മണ്ഡലത്തിൽ, ഇദ്ദേഹം ആദ്യം ജനവിധി തേടട്ടെ. എന്നിട്ടാവാം പാവപ്പെട്ടവരെ കുറിച്ച ഗിരിപ്രഭാഷണങ്ങൾ. ■